ശ്രീ കെ. നാരായണക്കുറുപ്പ്: അടുത്ത വർഷത്തേയ്ക്കുള്ള മദ്യത്തിന്റെ ഗുണം ഇപ്പോഴേ കണ്ടുപിടിക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോഴത്തെ ലേലം നടന്നത് അടുത്തവർഷത്തേയ്ക്കാണ്. അടുത്തകൊല്ലത്തെ ലേലത്തുക വർദ്ധിച്ചതുകൊണ്ട് ഗുണം കുറയുമോ എന്നു അടുത്തകൊല്ലം ഉപയോഗിച്ചുനോക്കിയാൽ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. ലേലം മുഴുവൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞിടത്തോളം ലേലംവഴി പതിനാറുകോടിയിൽപരം രൂപ വർദ്ധിച്ചിട്ടുണ്ട്. ഇനിയും ഏതാനും ഷാപ്പുകളുടെ ലേലം നടക്കാനുണ്ട്. അതിൽ അൽപസ്വൽപം തുക കുറയാം. എങ്കിലും പതിനാറരകോടിയിൽ കുറയുകയില്ലെന്നാണ് എന്റെ വിശ്വാസം.

ശ്രീ. ജി. പി. മംഗലത്തുമഠം: ഏതെങ്കിലുംഷാപ്പിന്റെ ലേലം വിളിക്കുകയും കഴിഞ്ഞകൊല്ലത്തെക്കാൾ കൂടുതൽ തുകയ്ക്കു വിളികേൾക്കുകയും അതനുസരിച്ച് പത്തും മൂന്നിലൊന്ന് തുക കെട്ടിവയ്ക്കുകയും ചെയ്തതിനുശേഷം രണ്ടു ലക്ഷം മൂന്നുലക്ഷം രൂപ കൂടുതൽ തരാമെന്നു പറഞ്ഞ് ആരെങ്കിലും ഓഫർ തന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച ഗവൺമെന്റു തീരുമാനം എന്തായിരുന്നു?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെയാരെങ്കിലും എഴുതിക്കൊടുത്തായെന്ന് അറിഞ്ഞുകൂടാ. ഗവൺമെന്റിന്റെ പക്കൽ കിട്ടിയിട്ടില്ല. ബോർഡിനു അപേക്ഷ കൊടുത്തിട്ടുണ്ടോയെന്ന് അന്വേഷിക്കാം.

ശ്രീ. കെ. സി. വാമദേവൻ: ഉപഷാപ്പുകൾ അനുവദിക്കുന്നതുകൊണ്ടാണ് അനധികൃതമായും അവിഹിതമായും ഉപഷാപ്പുകൾ നടത്തുന്നത് എന്നുള്ളതുകൊണ്ട് ഉപഷാപ്പുകൾ കർശനമായി തടയാനും അഥവാ അങ്ങനെ അനുവദിക്കുകയാണെങ്കിൽ അതു മെയിൻ ഷാപ്പുകളായി മാത്രം അംഗീകാരം കൊടുക്കാനും തയ്യാറാകുമോ ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഇപ്പോഴത്തെ ഉപഷാപ്പുകളുള്ള സ്ഥലത്തെല്ലാം മെയിൻഷാപ്പുകൾ കൊടുക്കുക എന്നുപറഞ്ഞാൽ പ്രയാസമാണ്. അങ്ങനെ ഉപഷാപ്പുകൾ അനധികൃതമായി ഉണ്ടെങ്കിൽ അതു കർശനമായി തടയാനുള്ള നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൈപ്പൻറ്

*530 [562] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

ശ്രീ. എൻ. വാസുദേവൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യ വികസന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1977-78 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് സ്കൈപ്പൻറ് ഇനത്തിൽ മൊത്തം എത്ര തുക നൽകിയിട്ടുണ്ട്; എത്ര വിദ്യാർത്ഥികൾക്കായി;

(ബി) 1978-79 വർഷത്തിൽ ഇതുവരെ ഈ ഇനത്തിൽ എന്തു തുക വിതരണം ചെയ്തു എന്നു പറയാമോ ?

തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ)

(എ) 12,146 വിദ്യാർത്ഥികൾക്കായി 138 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) 215 ലക്ഷം രൂപ ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇപ്പോൾ കൊടുക്കുന്ന സ്കൈപ്പൻറ് എന്താണ്. ഈ തുക വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ച് ഗവൺമെൻറിൻെറ അഭിപ്രായം എന്താണ് ?

ശ്രീ. എം. കെ. രാഘവൻ: സ്കൈപ്പൻറായിട്ടും മറ്റും കൊടുക്കുന്ന സംഖ്യ കഴിഞ്ഞകൊല്ലത്തിലാണ് വർദ്ധിപ്പിച്ചത്. 1978-ൽ അത് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തോതിലാണ് ഇപ്പോൾ കൊടുക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ തുക യഥാസമയം കിട്ടുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ ? സാമ്പത്തികവർഷം അവസാനിക്കുന്ന ഈ സമയത്തുപോലും കിട്ടാതിരിക്കുകയാണെന്നുള്ള ആക്ഷേപം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. എം. കെ. രാഘവൻ: ഇതുപോലുള്ള ആക്ഷേപം ധാരാളമായിട്ടുണ്ടായിട്ടുണ്ട്. ഈ ആക്ഷേപങ്ങൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിനു ഒരു പദ്ധതി ആവിഷ്കരിച്ച് അടുത്ത വർഷം മുതൽ നടപ്പാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഈ വർഷത്തിൽ പ്രത്യേക നിർദ്ദേശം ഇതു വിതരണം ചെയ്യുന്ന ഏജൻസികൾക്കു കൊടുത്തിട്ടുണ്ട്.

ശ്രീ. പി. കരുണാകരൻ: പട്ടികജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കു സ്കൈപ്പൻറ് കിട്ടുന്ന അതേ സമയത്ത് സ്കോളർഷിപ്പിനർഹതയില്ലെന്ന വല്ല വ്യവസ്ഥയും ഗവൺമെൻറ് ഉണ്ടാക്കിയിട്ടുണ്ടോ; പല സ്ഥലത്തും ഇതിൽ ഏതെങ്കിലും ഒന്നു മാത്രമേ കിട്ടുന്നു എന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെ ഗവൺമെൻറു ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ നോക്കി വേണ്ടതു ചെയ്യാം.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാസമയം സ്കൈപ്പൻറ് കിട്ടുന്നില്ലെന്നു മന്ത്രിതന്നെ സമ്മതിച്ചു. അവർക്ക് സമയത്തു കിട്ടുന്നതിൽ എന്തു സംവിധാനമാണ് ഗവൺമെൻറ് പുതുതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നു പറയാമോ ?

ശ്രീ. എം. കെ. രാഘവൻ: രണ്ടുതരത്തിലാണ് സ്കൈപ്പൻറും മറ്റു സംഖ്യകളും ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. പ്രീ മെട്രിക്കുലേഷൻ ക്ലാസ്സുകളിൽപഠിക്കുന്ന കുട്ടികൾക്കും അതിനു മുകളിലുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും കൊടുക്കുന്നുണ്ട്. പ്രീ മെട്രിക്കുലേഷൻ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു കൊടുക്കുന്നതു ഹരിജൻ വെൽഫയർ ജില്ലാ ഓഫീസുകൾ മുഖേനയാണ്. അതിനു മുകളിലുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് ഹരിജൻ വെൽഫയർ ഡയറക്ടർ ഓഫീസുവഴിയാണ് കൊടുക്കുന്നത്. ഹരിജൻ വെൽഫയർ ഡയറക്ടറാഫീസിൽ കൂടുതൽ പണികൾ കേന്ദ്രീകരിക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുകളുണ്ടാവുകയും സമയത്തു കടലാസ്സു നീങ്ങാതെവരികയും ചെയ്തതുകൊണ്ട് ഇതെല്ലാം വികേന്ദ്രീകരിച്ച് ഈ സ്കൈപ്പൻറും അതുപോലുള്ള സംഖ്യകളും അതാതു ജില്ല ഹരിജൻവെൽഫയർ ഓഫീസുവഴി കൊടുക്കാനുള്ള നിബന്ധനയാണ് അടുത്തവർഷംമുതൽ നടപ്പാക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കേശവൻ: സ്വകാര്യ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും യഥാസമയം വിദ്യാർത്ഥികൾക്കു കൊടുക്കുന്നില്ലെന്നുമാത്രമല്ല മാനേജുമെന്റുകൾ അതിൽ വെട്ടിപ്പുനടത്തി സംഖ്യയിൽ കുറവുവരുത്തുന്നതായി വല്ല പരാതിയും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരായി ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെ ചില റിപ്പോർട്ടുകൾ കിട്ടാതിരുന്നിട്ടില്ല. മാനേജുമെന്റുകൾക്ക് ഈ കാര്യത്തിൽ വലിയ താൽപര്യമില്ലാത്തതുകൊണ്ട് സമയത്തു വിതരണം ചെയ്യാതിരിക്കുക എന്നുള്ളതു അവർക്കൊരു വിനോദമാണ്. ഇത്തരം കാര്യങ്ങൾ മേലിൽ ഉണ്ടാകാതിരിക്കത്തക്ക വണ്ണം ആവശ്യമായ നിർദ്ദേശങ്ങൾ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. എ. പരമൻ: സ്റ്റൈപ്പന്റുതുക മൂന്നുമാസത്തേത് അഡ്വാൻസായി കിട്ടിയാൽപോലും ആസംഖ്യ കൈവശംവച്ച് പ്രൈവറ്റായിട്ടു ലോൺ കൊടുക്കുന്ന മാനേജുമെന്റുകൾ ഉണ്ടെന്ന സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു തടയാൻ നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. എം. കെ. രാഘവൻ: അത്തരം കാര്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാലുമാസത്തേതു ഒരുമിച്ചാണ് അഡ്വാൻസായി ഈ മാനേജ്മെന്റുകളെ ഏൽപ്പിക്കുന്നത്. എതാണ്ടു തലേക്കൊല്ലത്തെ കുട്ടികളുടെ സംഖ്യ കണക്കിലെടുത്തു പതിനഞ്ചു ശതമാനവും ഇരുപതു ശതമാനവും കൂടുതൽ കുട്ടികൾ തന്നാണ്ടിൽ ഉണ്ടാകുമെന്ന് കണക്കിലെടുത്താണ് നാലു മാസത്തെ സംഖ്യ അഡ്വാൻസായിട്ടു കൊടുക്കുന്നത് എന്നിട്ടുപോലും സമയത്തു കൊടുക്കാത്ത സ്ഥിതി ഉണ്ടായിട്ടുണ്ട്.

ശ്രീ. എം. കെ. കൃഷ്ണൻ: മാസംതോറും വിദ്യാർത്ഥികൾക്കു കിട്ടേണ്ടതായ ഈ സംഖ്യ വളരെ മുമ്പേ നാലുമാസത്തേതു അഡ്വാൻസായി മാനേജ്മെന്റിനെ ഏൽപ്പിച്ചിട്ടും അതു കൃത്യമായിട്ടു കൊടുക്കാത്ത മാനേജുമെന്റുകൾ നിരവധിയുണ്ടെന്നു പറഞ്ഞു. ഈ സംഖ്യ കൃത്യമായി വിതരണം ചെയ്യാത്ത മാനേജ്മെന്റുകൾക്കെതിരെ കർശനമായ നടപടിയെടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ഇതുപോലെ ഉണ്ടാകുന്നതു മിക്കവാറും സ്വകാര്യമേഖലയിലാണ്. സ്വകാര്യമേഖലയിൽ ഈ കാര്യങ്ങൾ നിഷ്കർഷയോടു ചെയ്യിക്കാമെന്നുള്ളതല്ലാതെ മറ്റുതരത്തിലുള്ള കൂടുതൽ അധികാരങ്ങൾ ഇപ്പോഴും നമുക്കില്ല.

ശ്രീ. കല്ലട നാരായണൻ: വിദ്യാലയങ്ങളിൽമാത്രമല്ല ഐ. ടി. ഐ, ടി. ടി. സി. മുതലായ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇതുവരെ സ്റ്റൈപ്പന്റ് കിട്ടിയിട്ടില്ലെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്രയധികം കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം എന്താണ്; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. കെ. രാഘവൻ: ഇതുവരെ കിട്ടിയിട്ടില്ല എന്ന ആക്ഷേപം ഉണ്ടായിട്ടില്ല. നാലുമാസത്തിനുശേഷം കൊടുക്കേണ്ടതായ സംഖ്യ കൊടുക്കാൻ താമസം വരുന്നുണ്ടെന്നുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതു ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സേവ്യർ അറയ്ക്കൽ: 38 ലക്ഷം രൂപയാണ് 12,000-ൽ പരം വിദ്യാർത്ഥികൾക്കു നീക്കിവച്ചതെന്നു പറഞ്ഞു. അതിൽ 25 ലക്ഷമേ കൊടുത്തിട്ടുള്ളു എന്നു പറഞ്ഞു. 13 ലക്ഷം രൂപയ്ക്ക് എന്തു സംഭവിച്ചു. എന്തുകാരണംകൊണ്ടാണ് കൊടുക്കാതിരുന്നത്.

ശ്രീ. എം. കെ. രാഘവൻ: 38 ലക്ഷം രൂപയല്ല 138 ലക്ഷം രൂപയാണ് വിതരണം ചെയ്തത് എന്നാണ് പറഞ്ഞത്.

ശ്രീ. പി. ബി. ആർ. പിള്ള: സ്റ്റൈപ്പൻറ് വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ബൈഫർക്കേഷൻ സിസ്റ്റമാണ് ഉദ്ദേശിക്കുന്നതെന്നു പറയുന്നു. ഇതുകൊണ്ട് കാലതാമസം ഒഴിവാക്കാൻ കഴിയുമെന്ന് വിചാരിക്കുന്നുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: അതൊരു പരീക്ഷണമാണ്. പരീക്ഷണത്തിനുശേഷം അതു പരിപൂർണ്ണമായ വിജയമായിരുന്നോ പരാജയമായിരുന്നോ എന്ന വിലയിരുത്തൽ നടത്താം.

ശ്രീ. കെ. സുകുമാരനുണ്ണി: ആയിരവും ആയിരത്തിഇരുന്നൂറും വിദ്യാർത്ഥികളുള്ള ജില്ലയിൽ ഒരു ഉദ്യോഗസ്ഥൻ മാത്രമാണ് ഇതു കൈകാര്യം ചെയ്യാനുള്ളത്. അതാണ് കാലതാമസത്തിനുള്ള കാരണം എന്നു മനസ്സിലാക്കി താലൂക്കുതോറും വിതരണത്തിനുള്ള സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: ആദ്യം ജില്ലതോറും കൊടുക്കാനുള്ള ഏർപ്പാടാണ് ചെയ്യുന്നത്. അപ്പോഴും ജില്ലയിലുള്ള ഉദ്യോഗസ്ഥൻമാരുടെ എണ്ണവും വർദ്ധിപ്പിക്കുന്നതാണ്. അതനുസരിച്ച് കാര്യക്ഷമമായി വിതരണംചെയ്യാൻ സാധിക്കുമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്.

ശ്രീ. പി. ആർ. ഫ്രാൻസീസ്: മലബാറിലെ നായ്ക്കൻമാർക്ക് പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുക്കുകയും തിരു-കൊച്ചി ഭാഗത്തുള്ള ആളുകൾക്ക് അതു നിഷേധിക്കുകയും ചെയ്യുന്നു എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് തിരു-കൊച്ചി ഭാഗത്തുള്ളവർക്കുകൂടി ഈ ആനുകൂല്യം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം. കെ. രാഘവൻ: അതിനു നടപടി മറ്റുതരത്തിൽ എടുക്കുന്നുണ്ട്.

ശ്രീ. വി. ഈച്ചരൻ: വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻറ് കോളേജധികൃതർ, മാനേജ്മെൻറുകൾ ദുരുപയോഗപ്പെടുത്തുന്നതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ; ഇതു തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെ സ്പെസിഫിക്കായി ആക്ഷേപമൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. വി. ജെ. ജോസഫ്: കോളേജ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന ഹരിജൻ വിദ്യാർത്ഥികളുടെ മെസ് ബിൽ പേ ചെയ്യുന്നത് ഗവൺമെൻറാണ്. അത് യഥാസമയം ഹോസ്റ്റൽ അധികാരികൾക്ക് കിട്ടാതെ വരുന്നതുകൊണ്ട് പലവിധത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ടെന്നുള്ളതു പരിഗണിച്ച് ഈ മെസ് ബിൽ യഥാസമയം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. രാഘവൻ : അങ്ങനെ ആക്ഷേപം ലഭിച്ചിട്ടില്ല സർ.

ശ്രീ. കെ. എ. മാത്യു : തിരുവനന്തപുരത്തുനിന്ന് ജില്ലാ ആസ്ഥാനങ്ങളിലേക്ക് വിതരണത്തിന്റെ പ്രക്രിയ മാറാൻ പോകുന്നു എന്നുപറഞ്ഞു. എന്നാൽ വർഷങ്ങൾക്കുമുൻപ് കാര്യക്ഷമതാരാഹിത്യമുണ്ടായതിന്റെ പേരിലാണ് തിരുവനന്തപുരത്തേക്കു കൊണ്ടുവന്നത്. മാനേജുമെന്റിനെ ഒരു ഭാഗത്തുനിന്നു കുറ്റംപറയുകയും ജില്ലാ വെൽഫെയർ ആഫീസർമാരെ മറുഭാഗത്തുനിന്നും കുറ്റംപറയുകയും ചെയ്തതുകൊണ്ടായില്ല. ഇതു നടക്കണമെങ്കിൽ ഓരോന്നിനും പ്രത്യേകം ടൈം ഷെഡ്യൂൾ വയ്ക്കണം. കുട്ടികളെ അഡ്മിറ്റുചെയ്താൽ അതിന്റെ റിപ്പോർട്ട് ഇന്ന ദിവസത്തിനകം ചെന്നിരിക്കണം, ബിൽ പ്രസന്റുചെയ്താൽ അത് ഇത്ര ദിവസത്തിനകം പാസാക്കിക്കൊടുക്കണം എന്നൊക്കെ നിർദ്ദേശം കൊടുക്കാൻ നടപടിയെടുക്കാമോ?

ശ്രീ. എം. കെ. രാഘവൻ : ഇതിന്റെയൊക്കെ ശരിയായ രോഗം അതൊന്നുമല്ല. ഹരിജന-ഗിരിജന വിദ്യാർത്ഥികളോടുള്ള സ്ഥായിയായ മനോഭാവത്തിനു വ്യത്യാസം വരുത്താതെ ഇതിനു പരിഹാരമുണ്ടാകുകയില്ല.

ശ്രീ. പി. കരുണാകരൻ : സ്റ്റൈപ്പൻറ് ദുരുപയോഗപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നു പറഞ്ഞു. 1972 മാർച്ചിൽ കാസർഗോട്ട് ഒരു സ്കൂളിൽ മൂന്നുലക്ഷത്തിൽപ്പരം രൂപ അവിടത്തെ മാനേജുമെന്റ് ദുരുപയോഗപ്പെടുത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പലതവണ പെടുത്തിയിട്ടുള്ളതാണ്, പലതവണ മറുപടി പറഞ്ഞിട്ടുള്ളതാണ്, ശ്രദ്ധക്ഷണിക്കൽ ഉപക്ഷേപങ്ങളും അവതരിപ്പിച്ചിട്ടുള്ളതാണ്. അതിനുത്തരവാദികളായവരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ : മുൻപ് ഉണ്ടായിട്ടുണ്ടെങ്കിൽ അതു പരിശോധിച്ചു പറയാം. ഇപ്പോൾ എന്റെ മുൻപിലില്ല.

അബ്കാരി ഇനത്തിലെ വരുമാനം

*531 [653] ശ്രീ. വി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം അബ്കാരി ഇനത്തിൽ സർക്കാരിന് എന്ത് വരുമാനം ഉണ്ടായിരുന്നു ;

(ബി) ഈ വർഷം എന്ത് തുക വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) 1977 ഏപ്രിൽ ഒന്നുമുതൽ 1978 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തികവർഷത്തിൽ അബ്കാരി ഇനത്തിൽ ഗവൺമെന്റിന് 36 കോടി രൂപയുടെ വരുമാനം ഉണ്ടായിട്ടുണ്ട്.

(ബി) 1979 മാർച്ച് 31-ന് അവസാനിക്കുന്ന നടപ്പുസാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ വരുമാനം 40 കോടി രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. അടുത്ത സാമ്പത്തികവർഷത്തിൽ (1979-80) ഈ ഇനത്തിൽ 15 കോടി രൂപ അധികമായി ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly